(സി) കരാറനുസരിച്ച് സർക്കാർ ഓഫീസുകൾ പരിശോധിക്കാൻ വ്യവസ്ഥയില്ല. എന്നാൽ കരാർ പ്രകാരം ബാങ്കിന്റെ പ്രതിനിധികളെ ബാങ്കിന്റെ വായ്പ ഉപയോഗിച്ച് നടപ്പിലാക്കുന്ന പരിപാടികളുടെ രേഖകൾ പരിശോധിക്കാൻ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) ഉദിക്കുന്നില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പാർലമെന്ററി പാർട്ടി വിപ്പ് തെരഞ്ഞെടുപ്പ്

*23 [173] ശ്രീ. കെ. പി. വിശ്വനാഥൻ:
,, എം. മുരളി:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പാർലമെന്ററി പാർട്ടി വിപ്പ് തെരഞ്ഞെടുപ്പ് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമമെന്തെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 2000-ലെ കേരള തദ്ദേശഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങളിലെ 4-ാം ചട്ടത്തിൽ രാഷ്ട്രീയ കക്ഷിയോ സഖ്യമോ അതിലുൾപ്പെട്ട അംഗത്തിന് നിർദ്ദേശം നൽകേണ്ടവിധം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്നു. (ചട്ടം 4-ന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ബി) വിപ്പിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

അന്വേഷണ വിചാരണകൾ ഉടനടി പൂർത്തിയാക്കുന്നതിന് നടപടി

*24 [174] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കുന്നതിന് പരമാവധി എത്രകാലം അനുവദിക്കാറുണ്ട്;

(ബി) ആംഡ് പോലീസ് ബറ്റാലിയനിൽ എത്ര എസ്.ഐ. മാർക്കെതിരായ അച്ചടക്ക നടപടിയോടനുബന്ധിച്ചുള്ള അന്വേഷണ വിചാരണ ആറ് വർഷത്തിലേറെ ആയിട്ടും പൂർത്തിയാക്കാതെയുണ്ട് എന്ന് വ്യക്തമാക്കുമോ;

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണ വിചാരണ വർഷങ്ങളായി നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ഡി) ഇത്തരത്തിൽ ദീർഘകാലം നീണ്ടുപോയിട്ടുള്ള അന്വേഷണ വിചാരണകൾ ഉടനടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കേരളാ പോലീസിൽ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അച്ചടക്കനടപടികളെക്കുറിച്ചുള്ള അന്വേഷണം അന്വേഷണ ഉദ്യോഗസ്ഥർ കഴിയുന്നിടത്തോളം 2 മാസത്തിനകം പൂർത്തിയാക്കി പി.ആർ. മിനിട്ട്സ് ബന്ധപ്പെട്ട മേലധികാരികൾക്ക് സമർപ്പിക്കണമെന്നുള്ള നിർദ്ദേശം ഡി.ജി.പി. സർക്കുലർ നമ്പർ 5/87, തീയതി 12-9-87 പ്രകാരം നൽകിയിട്ടുണ്ട്.

(ബി) ശ്രീ. ശശിധരൻപിള്ള, ശ്രീകുമാർ എന്നീ രണ്ട് എപി.എസ്.ഐ.മാർക്കെതിരെ 18-6-1997-ൽ ഉത്തരവിട്ട അച്ചടക്കനടപടി തീർപ്പാക്കിയിട്ടില്ല.

(സി) അന്വേഷണവിചാരണ, അന്വേഷണ ഉദ്യോഗസ്ഥന്റെ വീഴ്ചകൊണ്ട് ദീർഘകാലം നീണ്ടുപോവുകയാണെങ്കിൽ ടി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) വകുപ്പുതല അന്വേഷണങ്ങൾ വളരെവേഗം പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

നദീസംയോജന പദ്ധതി

*25 [175] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ:
,, ടി. കെ. ദേവകുമാർ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെ തമ്മിൽ ബന്ധിപ്പിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയോടുള്ള സമീപനം എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) നദീസംയോജന പദ്ധതി കേരളത്തിനെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംയോജന പദ്ധതിയുടെ ഗുണദോഷവശങ്ങളെക്കുറിച്ച് പരിശോധിക്കുകയുണ്ടായോ; നദികൾ സംയോജിപ്പിക്കുന്നത് എന്തെല്ലാം പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നാണ് കരുതുന്നത്;

(ഡി) പദ്ധതി കേരളത്തിന് സ്വീകാര്യമല്ലെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly